17092

ഭരണഭാഷ - മാതൃഭാഷ


കളക്ടറേറ്റ്,തൃശ്ശൂർ
പിൻകോഡ്-680003
Website-www.thrissur.nic.in

ടെലിഫോൺ നമ്പർ-0487-2433453
e-mail-tsrcoll.ker@nic.in


ഫയൽ നമ്പർ:DCTSR/3667/2018-C3

കളക്ടറേറ്റ്,തൃശ്ശൂർ,
തീയതി 09/08/2018

പ്രേഷിതൻ

ജില്ലാ കളക്ടർ,തൃശ്ശൂർ

സ്വീകർത്താവ്

1.ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ.
2.ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ.
2.ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തൃശ്ശൂർ.
3.വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.
4.ജില്ലാ സാമൂഹ്യനീതി ഓഫീസർ, തൃശ്ശൂർ.
5.പ്രോഗ്രാം മാനേജർ, ജില്ലാ തല ഐ.സി.ഡി.എസ് സെൽ, തൃശ്ശൂർ.

സർ,

വിഷയം: സാമൂഹ്യക്ഷേമം-കുട്ടികളെ ടെലിവിഷൻ പരിപാടികളിൽ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന: ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (ഇ) വകുപ്പ് ഡയറക്ടറുടെ 17.07.2018 തീയതിയിലെ 1774548/ഇ3/ഐ & പിആർഡി നമ്പർ സർക്കുലർ.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുട്ടികളെ ടെലിവിഷൻ പരിപാടികളിൽ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച സൂചന സർക്കുലർ അറിവിലേക്കും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിലേക്കുമായി ഇതുസഹിതം ഉള്ളടക്കം ചെയ്ത് അയക്കുന്നു.

വിശ്വാസപൂർവ്വം,

DEPUTY COLLECTOR

A2- 17092/18

Signature Not Verified

Digitally signed by LETHIKA C
Date: 2018.08.09 17:22:57 IST
Reason: Approved

Scanned by CamScanner

23 JUL 2018
തൃശ്ശൂർ

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

നം. 1774548/ഇ3/2017/ഐ&പി.ആർ.ഡി.

തിരുവനന്തപുരം

തീയതി: 17.07.2018

## സർക്കുലർ

23/7/18

വിഷയം :- ഐ&പി.ആർ.ഡി - കുട്ടികളെ ടെലിവിഷൻ പരിപാടികളിൽ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 22.8.2017, 22.11.2017 എന്നീ തീയതികളിലെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ CRMP No. 8417/LA2/2017/KeSCPCR നമ്പർ നോട്ടീസ്.

2. 12.12.2017 ലെ ഇതേ നമ്പർ സർക്കുലർ

3. 14.03.2018 ലെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 8417/11/C2/2017/KeSCPCR നമ്പർ കത്ത്

C3

സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിൽ റിയാലിറ്റി ഷോകളിലും മറ്റ് പരിപാടികളിലും കുട്ടികളെ പങ്കെടുപ്പിക്കുന്ന വേളയിൽ അനഭലഷണീയവും കുറ്റകരവുമായ നിരവധി പ്രവണതകൾ നിലനിൽക്കുന്നതായി ചില പരാതികൾ സംസ്ഥാന ബാലാവകാശ കമ്മീഷനു ലഭിച്ചിട്ടുള്ളതായി സൂചന (1) പ്രകാരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കുട്ടികളെ ടെലിവിഷൻ പരിപാടികളിൽ പങ്കെടുപ്പിക്കുമ്പോൾ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് എന്ന് ബന്ധപ്പെട്ട എല്ലാ ടി.വി. ചാനൽ അധികൃതർക്കും നിർദ്ദേശം നൽകേണ്ടതാണ്. സൂചന (2) പ്രകാരം കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് (എച്ച്) ഇനം കൂടി ഉൾപ്പെടുത്തി പുതുക്കിയ സർക്കുലർ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

(എ) കുട്ടികളെ പങ്കെടുപ്പിക്കുമ്പോൾ അവർക്കു മതിയായ രീതിയിൽ ഭക്ഷണം നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ഷൂട്ടിങ്ങിന്റെ ഇടവേളകളിൽ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) ഷൂട്ടിങ്ങിന്റെ അവസരത്തിൽ രക്ഷകർത്താവ് കൂടെ ഉണ്ടായിരിക്കണമെന്ന് ഉറപ്പു വരുത്തണം.

(സി) റിയാലിറ്റി ഷോയിലാണ് കുട്ടി പങ്കെടുക്കുന്നതെങ്കിൽ മത്സരത്തിന്റെ ഒരു ഘട്ടത്തിൽ കുട്ടി പുറത്താകുന്ന സാഹചര്യമുണ്ടായാൽ കുട്ടിയുടെ ആത്മവിശ്വാസം തകർക്കുന്ന രീതിയിലുള്ള വിലയിരുത്തലുകൾ നടത്താതിരിക്കുവാൻ വിധികർത്താവ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഡി) കുട്ടിയുടെ സ്കൂൾ പഠനം 10 ദിവസത്തിൽ കൂടുതൽ മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം.

(ഇ) വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം കുട്ടികളുടെ ഷൂട്ടിംഗ് സാഹചര്യങ്ങൾ ഒരുക്കേണ്ടത്.

(എഫ്) കുട്ടികൾക്ക് അനുയോജ്യമായ മേക്കപ്പ് ആയിരിക്കണം ഉപയോഗിക്കേണ്ടത്.

Scanned by CamScanner

(ജി) കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകാൻ പാടില്ല. കുട്ടികൾക്ക് നേരെ ലൈംഗികാതിക്രമങ്ങൾ ഉണ്ടാകുന്നില്ല എന്നും ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

(എച്ച്) കുട്ടികളെ കലാപരിപാടികളിൽ പങ്കെടുപ്പിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2.06.2017 ലെ കുട്ടികളെ സംബന്ധിച്ച തൊഴിൽനിയമത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയതനുസരിച്ച് ഒരു ദിവസം ഒരു കുട്ടിക്ക് 5 മണിക്കൂർ മാത്രമേ കലാപരിപാടി അവതരിപ്പിക്കാൻ അനുവാദമുള്ളൂ. തുടർച്ചയായി 3 മണിക്കൂറെ പങ്കെടുപ്പിക്കാവൂ. കൂടാതെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങേണ്ടതാണ്. കുട്ടിയുടെ സുരക്ഷിതത്വത്തിനായി ഒരു നോഡൽ ഓഫീസർ ആവശ്യമാണ്. കുട്ടിക്ക് സെറ്റിൽ വിദ്യാഭ്യാസ സൗകര്യം ഒരുക്കേണ്ടതാണ്. കൂടാതെ, പ്രതിഫലത്തിന്റെ 20% കുട്ടിയുടെ പേരിൽ നിക്ഷേപിക്കേണ്ടതാണ്. കുട്ടിയുടെ ഇംഗിതത്തിനെതിരായി നിർബന്ധപൂർവ്വം പരിപാടികൾ അവതരിപ്പിക്കുവാൻ പാടില്ല.

മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടു വേണം കുട്ടികളെ ടെലിവിഷൻ പരിപാടികളിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളൂവെന്ന വ്യവസ്ഥ നടപ്പാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരും, ജില്ലാ ലേബർ ഓഫീസർമാരും കൈക്കൊള്ളേണ്ടതാണ്.

സുഭാഷ്.ടി.വി
ഡയറക്ടർ

എല്ലാ ജില്ലാ കളക്ടർമാർക്കും/ജില്ലാ ലേബർ ഓഫീസർമാർക്കും
തൊഴിൽ വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ.ഡി.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
ഇൻഫർമേഷൻ ഓഫീസർ (പി.ആർ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : സെക്രട്ടറിയുടെ പി.എ
ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ (ജനറൽ/ഇ.എം.ഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഡയറക്ടറുടെ നം എച്ച്2-17092/18 തീയതി 8.2018

പകർപ്പ് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുന്നു.